LIBRARY ARCHIVES Kerala Legislative Assembly

ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ പി.എച്ച്.സി.-കളിലെ നിയമനം

181 (4906) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ പി.എച്ച്.സി.-കളിലേയ്ക്കായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതിയതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ ആരോഗ്യസ്ഥാപനങ്ങൾ ആർദ്രം ഒന്നും ആർദ്രം രണ്ടും ഘട്ടങ്ങളിലാണ്. 1830 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ഇതിൽ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

പുതുതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെട്ട എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്.

(സി) സ.ഉ.(കൈ) നമ്പർ 52/2021/ആ.കു.വ. ഉത്തരവിന്റെ തുടർച്ചയായി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

പുറപ്പെടുവിച്ചിട്ടുണ്ട്. 3-8-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 143/2021/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

1. സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2	-	204
2. ഫാർമസിസ്റ്റ് ഗ്രേഡ് 2	-	52
3. ക്ലാർക്ക്	-	42
4. ഓഫീസ് അറ്റൻഡന്റ്	-	2

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യന്മാരുടെ എത്ര തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്?

പ്രസ്തുത ഉത്തരവ് പ്രകാരം ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ഇ) എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് ടെക്നീഷ്യൻമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ എൻ.എച്ച്.എം. മുഖേന ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.-ന്റെ മാനദണ്ഡ പ്രകാരം എൽ.എസ്.ജി.ഡി. മുഖേന നിയമിക്കാൻ ഉത്തരവായിട്ടുണ്ട്.